**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1089** **27-07-2021 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷക ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തങ്ങൾ എന്തെല്ലാം എന്ന് അറിയിക്കാമോ ? | (എ) | കേരള കർഷക ക്ഷേമനിധി ആക്ടിലെ (2019 ലെ 26 ആം നമ്പർ ആക്ട് ) 11 - ആം വകുപ്പ് ഒന്നാം ഉപ വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കർഷകരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും കാർഷിക വൃത്തിയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനായും കേരള സർക്കാർ 2020 ഒക്ടോബർ മാസം 13 ആം തീയതി അസാധാരണ ഗസറ്റ് നമ്പർ 708/2020 പ്രകാരം കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തു. തൃശ്ശൂർ ആസ്ഥാനമായി ബോർഡിന്റെ ഹെഡ് ഓഫീസും, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖല ആപ്പീസുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള കർഷക ക്ഷേമനിധി ആക്ട് 2019 പ്രകാരവും, 2021 ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. കേരള കർഷകക്ഷേമ നിധി പദ്ധതി അംഗീകരിക്കുന്നതിനായി സർക്കാരിന്റെ പരിഗണനയിലാണ്. ബോർഡിന്റെ പ്രവർത്തനങ്ങളുടെ ആദ്യപടിയായി നിധിയിൽ അംഗങ്ങളെ ചേർക്കുന്നതിനാവശ്യമായ സോഫ്റ്റ്‌വെയർ CDIT ന്റെ സാങ്കേതിക സഹായത്തോടെ തയ്യറാക്കി വരുന്നു. സോഫ്റ്റ്‌വെയർ തയ്യാറാകുന്ന മുറക്ക് അംഗത്വ രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ